**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **11-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാവസായിക-ഉല്പാദന മേഖലകൾ ദേശീയ ശരാശരിയിലും മുകളിൽ വളർച്ച കൈവരിക്കുന്നത് ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യാവസായിക ഉത്പാദന മേഖലകളുടെ വളർച്ചയ്ക്കായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ഓരോ വർഷത്തെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ സർക്കാർ വാർഷിക പദ്ധതിയിൽ വകയിരുത്തിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ 4452.85 കോടി രൂപയുടെ വിറ്റുവരവ് നേടുകയും 18 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ നവീകരണ വിപുലീകരണ പദ്ധതികളെ തുടർന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ബിസിനസ്/ ഓർഡറുകൾ |

നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ബിസിനസ് സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിട്ടുണ്ട്.

ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ 3 ദൗത്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ KMML, TCCL, SIFL, KELTRON, SIDCO എന്നിവ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇത് കൂടാതെ ആദിത്യ L1 മിഷനിലും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭാഗമാകുന്നതിനു സാധിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ ഓരോ സ്ഥാപനങ്ങളിലും ബിസിനസ്സ് പ്ലാനും MoU സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoU ഉം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഉത്പാദനം പ്ലാൻ ചെയ്തിരിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന നടപടികൾ പരിഗണനയിലാണ്.

പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ കെൽട്രോണിന്റെ മേൽനോട്ടത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷൻ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ വരുമാനം വർധിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇന്ത്യയുടെ സൗരപര്യവേക്ഷണ ഉപഗ്രഹത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇന്ത്യയുടെ ആദ്യ സൗരപര്യവേക്ഷണ ദൗത്യമായ ആദിത്യ L1 ലും ചാന്ദ്ര പര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ 3 ദൗത്യത്തിലും എടുത്തുപറയത്തക്ക പങ്കു വഹിക്കുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>ഇന്ത്യയുടെ ആദ്യത്തെ സൗര പര്യവേക്ഷണ ദൗത്യത്തിൽ വ്യവസായ വകുപ്പിനു കീഴിലുള്ള കെൽട്രോൺ, എസ്.ഐ.എഫ്.എൽ, ടി.സി.സി.എൽ എന്നീ സ്ഥാപനങ്ങൾ വിവിധ മേഖലകളിലേക്കുള്ള സേവനങ്ങൾ ISRO യ്ക്ക് നൽകുകയും ഇപ്രകാരം മിഷനിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്.<br><br>ആദിത്യ L1 മിഷന്റെ ഭാഗമായി കെൽട്രോൺ 38 ഇലക്ട്രോണിക്സ് മൊഡ്യൂളുകൾ നൽകിയിട്ടുണ്ട്. ഇത് കൂടാതെ വിവിധ തരം ഇലക്ട്രോണിക്സ് മോഡ്യൂളുകളുടെ ടെസ്റ്റിംഗ് സപ്പോർട്ടും കെൽട്രോൺ നൽകിയിട്ടുണ്ട്.<br><br>ആദിത്യ L1-ന്റെ വിക്ഷേപണ വാഹനത്തിലേക്കുള്ള വിവിധ ഫോർജിങ്ങുകൾ എസ്.ഐ.എഫ്.എൽ. തദ്ദേശീയമായി വികസിപ്പിച്ച നൽകിയിട്ടുള്ളതാണ്. ആയതിൽ പ്രൊപ്പല്ലർ ടാങ്കിനു ആവശ്യമായ ടൈറ്റാനിയം അലോയ് ഫോർജിംഗ്സ്, 15CDV6 ഡോം ഫോർജിംഗ്സ്, ഫീഡ് ലൈൻസ്, ഡക്ട്സ് എന്നിവ നിർമ്മിക്കുന്നതിനുള്ള വിവിധയിനം അലൂമിനിയം ഫോർജിംഗുകളും, വികാസ് എഞ്ചിന്റെ പ്രധാന ഘടകമായ കൺവെർജെന്റ് ഡൈവേർജെന്റ് ഫോർജിങ്ങുകളും മറ്റു ഘടകങ്ങളായ പ്രിൻസിപ്പൽ ഷാഫ്റ്റ്, ഇക്വിലിബിറിയം റെഗുലേറ്റർ പിസ്റ്റൺ, ഇക്വിലിബിറിയം റെഗുലേറ്റർ ബോഡി എന്നിവയും ഉൾപ്പെടുന്നുണ്ട്.<br><br>റോക്കറ്റ് വിക്ഷേപണത്തിന്റെ പ്രഥമ ഘട്ടത്തിലെ നിർണായകമായ കുതിച്ചുയരലിന് ആവശ്യമായ ഖര |

| | | | |
|---|---|---|---|
| | | | ഇന്ധനം നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തു ആയ സോഡിയം ക്ലോറേറ്റ് ടി.സി.സി.എൽ ആണ് മുഴുവനായും നിർമ്മിച്ചു നൽകിയത്. ഏകദേശം 150 ടണ്ണോളം സോഡിയം ക്ലോറേറ്റ് ക്രിസ്റ്റൽ ആണ് പ്രസ്തുത ദൗത്യത്തിനായി ടി.സി.സി.എൽ നൽകിയത്. ടി.സി.സി.എൽ-ൽ സ്ഥാപിച്ചിട്ടുള്ള ഐഎസ്ആർഒ-ടി.സി.സി.എൽ സംയുക്ത സംരംഭമായ പ്ലാന്റിലാണ് സോഡിയം ക്ലോറേറ്റ് ക്രിസ്റ്റൽ നിർമ്മിക്കുന്നത്.<br><br>ചന്ദ്രയാൻ 3 ദൗത്യത്തിന്റെ ഭാഗമായി ടൈറ്റാനിയം സ്പോഞ്ച് ഉല്പാദിപ്പിക്കുന്ന രാജ്യത്തെ ഏക സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് നൽകിയ ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ ഉപയോഗിച്ച് ഉണ്ടാക്കിയ അലോയ്കളാണ് ചന്ദ്രയാൻ പേടകത്തിലെ ക്രിട്ടിക്കൽ കമ്പോണന്റ്സ് ഉണ്ടാക്കുന്നതിനു ഉപയോഗിച്ചിട്ടുള്ളത്. സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ LVM 3 യിലെ ഇന്റർഫേസ് പാക്കേജുകൾ, ഏവിയോണിക്സ് പാക്കേജുകൾ, ചന്ദ്രയാന് വേണ്ടിയുള്ള പവർ മോഡ്യൂളുകൾ, ടെസ്റ്റ് ആൻഡ് ഇവാല്വേഷൻ സപ്പോർട്ട് എന്നിങ്ങനെ 41 വിവിധ ഇലക്ട്രോണിക്സ് മോഡ്യൂൾ പാക്കേജുകൾ ചന്ദ്രയാൻ 3 മിഷനിൽ കെൽട്രോൺ നൽകിയിട്ടുണ്ട്. ചന്ദ്രയാൻ ദൗത്യത്തിന് ആവശ്യമായ അതിസങ്കീർണ്ണമായ ഫോർജിംഗ്സുകൾ നൽകിയത് സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് ആണ്. ചന്ദ്രയാൻ 3-ന്റെ വിവിധ ടൂളുകളും അനുബന്ധ ഉപകരണങ്ങളും സിഡ്കോയുടെ റ്റി.ആർ.റ്റി.സി യൂണിറ്റ് മുഖാന്തിരം നിർമ്മിച്ച് നൽകുവാൻ സാധിച്ചു. ചന്ദ്രയാൻ 3 പ്രോജക്റ്റ് കൂടാതെ VSSC, ISRO എന്നീ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കുള്ള ഉപകരണങ്ങൾ സിഡ്കോ മുഖാന്തിരം നിർമ്മിച്ച് നൽകാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. |
| (സി) | രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം പൊതുമേഖലയിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കണ്ണൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ 18 കോടി രൂപ ചെലവിൽ രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണത്തിനുള്ള മെഷിനറികൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിനുള്ള സാങ്കേതിക സഹായം VSSC/ ISRO-യിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. സൂപ്പർ കപ്പാസിറ്ററുകളുടെ വിവിധ ശ്രേണിയിലുള്ള പരീക്ഷണ ഉത്പാദനം പുരോഗമിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് നൽകുന്ന നടപടി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ അറ്റ |

| | | | |
|---|---|---|---|
| | | | മൂല്യം, വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, Revenue per Employee, Sales / Capital Employed, Profit before Tax, Investment (Financial) എന്നീ ഏഴ് ഘടകങ്ങൾ അടിസ്ഥാനമാക്കി കാറ്റഗറൈസ് ചെയ്യുന്നതിനായാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 19 പൊതുമേഖലാ സ്ഥാപനങ്ങളെ റാങ്ക് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ബാക്കിയുള്ള സ്ഥാപനങ്ങളുടെ റാങ്കിംഗ് നടപടികൾ സർക്കാരിൽ പുരോഗമിച്ചു വരുകയുമാണ്. |

സെക്ഷൻ ഓഫീസർ